പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :7372 17/07/2012-ൽ മറുപടിക്ക്

കലാകാരൻമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. അച്ചുതൻ<br>,, ലൂഡി ലൂയിസ്<br>,, സണ്ണി ജോസഫ്<br>,, വി. റ്റി. ബൽറാം | ശ്രീ.കെ.സി.ജോസഫ്<br>ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പു മന്ത്രി |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ കലാകാരൻമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; | എ) | സർക്കാരിന് കീഴിലുള്ള കേരള സംഗീത നാടക അക്കാദമി നിലവിൽ പ്രൊഫഷണൽ നാടക/ബാലെ/മാജിക് കലാകാരന്മാർക്കും ക്ഷേത്രവാദ്യ കലാകാരന്മാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട് .കഥാപ്രസംഗ കലാകാരന്മാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും ഈ അക്കാഡമി നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിലെ ചിത്രകാരൻമാർക്കും ശിൽപികൾക്കും ഫോട്ടോഗ്രാഫർമാർക്കും കാർട്ടൂണിസ്റ്റുകൾക്കും കേരള ലളിതകലാ അക്കാദമി മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) | എങ്കിൽ ഏത് ഏജൻസിയുടെ ആഭിമുഖ്യത്തിലാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി മുഖേനയാണ് കേരള സംഗീത നാടക അക്കാഡമി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. കേരള ലളിതകലാ അക്കാദമി ഏജൻസിയെ തീരുമാനിച്ചിട്ടില്ല. |
| സി) | ഇൻഷ്വറൻസ് പരിരക്ഷയിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ? | സി) | കേരള സംഗീത നാടക അക്കാഡമി ഏർപ്പെടുത്തിയ ഇൻഷ്വറൻസ് പദ്ധതിപ്രകാരം അപകടം മൂലമുള്ള ചികിൽസയ്ക്കായി 50000/-രൂപ വരെ നല്കുന്നുണ്ട്. കൂടാതെ മെഡിക്ളെയിം ഇൻഷ്വറൻസ് എന്ന നിലയിൽ 24 മണിക്കൂറിലധികം (കീമോത്തെറാപ്പി, ഡയാലിസ്സിസ് എന്നിങ്ങനെ 22 ഇനങ്ങൾക്ക് 24 മണിക്കൂറിൽ താഴെയും) കിടത്തി ചികിൽസ നടത്തേണ്ടിവരുമ്പോൾ 50000/- രൂപ വരെ ചികിൽസാ ധനസഹായം നൽകുന്നുണ്ട്. അപകടം മൂലമോ അസുഖം മൂലമോ ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്ന കലാകാരൻമാർക്ക് വർഷത്തിൽ 30,000/ രൂപ വരെയുള്ള ആശുപത്രി ചെലവ് പലതവണകളായും കലാകാരൻ അപകടത്തിൽ മരിച്ചാൽ ആശ്രിതർക്ക് 25000/ രൂപയും ലഭിക്കുന്ന വിധത്തിൽ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുവാൻ കേരള ലളിതകലാ അക്കാദമി നടപടി സ്വീകരിച്ചു വരുന്നു. |

Padmana P

സെക്ഷൻ ഓഫീസർ